"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മുളവൂർ വില്ലേജിൽ സർവേ നമ്പർ 1048/2-1-2-2-ൽപ്പെട്ട 0.3642 ഹെക്ടർ സ്ഥലത്തുനിന്നും (സ്പെഷ്യൽ റെസിഡൻഷ്യൽ പർപ്പസ്) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 1642.106 ക്യൂബിക് മീറ്റർ കരിങ്കല്ല് പൊട്ടിച്ച് നീക്കം ചെയ്യുന്നതിന് ശ്രീ.അജയൻ. കെ. മാധവൻ & ശ്രീമതി. നിഷ അജയൻ, കക്കാട്ടുപറമ്പിൽ ഗ്രാനൈറ്റ് ഫ്യൂച്ചറിസ്റ്റിക് എൽ.എൽ.പി, പുല്ലുവഴി, പെരുമ്പാവൂർ, എറണാകുളം എന്നവർക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1082/2024/ID തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 26.06.2024-ലെ ശ്രീ.അജയൻ.കെ.മാധവൻ & ശ്രീമതി.നിഷ അജയൻ, കക്കാട്ടുപറമ്പിൽ ഗ്രാനൈറ്റ് ഫ്യൂച്ചറിസ്റ്റിക് എൽ.എൽ.പി പുല്ലുവഴി, പെരുമ്പാവൂർ എറണാകുളം സമർപ്പിച്ച അപേക്ഷ.
3. 24.06.2024-ലെ മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOMVP/1189/2024-A12 നമ്പർ നടപടിക്രമം
4. 09.09.2024-ലെ പായിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 400659/BPTO01/GPO/2024/6861(2) നമ്പർ കത്ത്.
5. 18.09.2024-ലെ എറണാകുളം ജില്ലാ ജിയോളജിസ്റ്റിന്റെ DOERN-DMG/42/2024-MDO നമ്പർ കത്ത്
6. 05.11.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2812/ 2024-M3 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മുളവൂർ വില്ലേജിൽ സർവേ നമ്പർ 1048/2-1-2-2-ൽപ്പെട്ട 0.3642 ഹെക്ടർ സ്ഥലത്ത് പായിപ്ര ഗ്രാമപഞ്ചായത്ത് അനുവദിച്ച 23.4.2024-ലെ DEO(JC2)-BA(136578)/2024 നമ്പർ ബിൽഡിംഗ് പെർമിറ്റിന്റെയും ബിൽഡിംഗ് പ്ലാനിന്റേയും അടിസ്ഥാനത്തിൽ (സ്പെഷ്യൽ റെസിഡൻഷ്യൽ പർപ്പസ്) കരിങ്കല്ല് പൊട്ടിച്ച് നീക്കം ചെയ്യുന്നതിന് ശ്രീ.അജയൻ.കെ.മാധവൻ & ശ്രീമതി.നിഷ അജയൻ, കക്കാട്ടുപറമ്പിൽ ഗ്രാനൈറ്റ് ഫ്യൂച്ചറിസ്റ്റിക് എൽ.എൽ.പി പുല്ലുവഴി, പെരുമ്പാവൂർ എറണാകുളം എന്നവർ എറണാകുളം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ 04.07.2024 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും സ്ഥല പരിശോധന നടത്തിയിരുന്നു. ടി സ്ഥലത്തെ കരിങ്കല്ല് കെമിക്കലുപയോഗിച്ച് പൊട്ടിച്ച് നീക്കംചെയ്യുന്നതിന് മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർ നിരാക്ഷേപപത്രം അനുവദിച്ചിട്ടുള്ളതാണ്.

2.അപേക്ഷാ സ്ഥലത്ത് നിന്നും 1642.106 ക്യൂബിക് മീറ്റർ പാറ നീക്കം ചെയ്യുവാൻ അനുമതി നൽകാവുന്നതാണെന്ന് പരാമർശം(4) പ്രകാരം പായിപ്ര പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപപത്രത്തിലെ വ്യവസ്ഥകൾ പാലിച്ച് കരിങ്കല്ല് പൊട്ടിച്ച് നീക്കുന്നതിന്

അനുമതി നൽകാവുന്നതാണെന്ന് ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപപത്രത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിബന്ധനനകൾക്കു വിധേയമായി നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(6) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മുളവൂർ വില്ലേജിൽ സർവേ നമ്പർ 1048/2-1-2-2-ൽപ്പെട്ട 0.3642 ഹെക്ടർ സ്ഥലത്തുനിന്നും (സ്പെഷ്യൽ റെസിഡൻഷ്യൽ പർപ്പസ്) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 1642.106 ക്യൂബിക് മീറ്റർ കരിങ്കല്ല് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പൊട്ടിച്ചു നീക്കം ചെയ്യുന്നതിന് ശ്രീ.അജയൻ. കെ. മാധവൻ & ശ്രീമതി. നിഷ അജയൻ, കക്കാട്ടുപറമ്പിൽ ഗ്രാനൈറ്റ് ഫ്യൂച്ചറിസ്റ്റിക് എൽ.എൽ.പി, പുല്ലുവഴി, പെരുമ്പാവൂർ, എറണാകുളം എന്നവർക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.പെർമിറ്റിൽ ഉൾപ്പെട്ടുവരുന്ന മുളവൂർ വില്ലേജ്, സർവ്വേ നമ്പർ 1048/2-1-2-2 ൽ പ്പെട്ട സ്ഥലത്തുനിന്നും മാത്രമേ ഖനനം നടത്താൻ പാടുള്ളു.

2. ടി സ്ഥലത്ത് നിന്നും 1642.106 ക്യൂബിക് മീറ്റർ കരിങ്കല്ല് മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. ആയതു നീക്കം ചെയ്യുന്നതിന് മുൻപായി അനുമതി ലഭിച്ച അളവിന് തത്തുല്യമായ റോയൽറ്റി മുൻകൂർ ഒടുക്കുവരുത്തേണ്ടതാണ്

3. എക്സ്പ്ളോസീവ് ഉപയോഗിച്ചുള്ള ഖനന പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും അനുവദനീയമല്ല.

4. റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപപത്രത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

5. ടി പ്രവർത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപ വസ്തുക്കൾക്ക് നാശ നഷ്ടമോ ഉണ്ടാകാൻ പാടുള്ളതല്ല.

6. പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടുത്താതെയും മാത്രമേ ധാതു നീക്കം ചെയ്യുവാൻ പാടുള്ളൂ.

7. അനുവദിച്ച അളവിൽ കൂടുതൽ ധാതു നീക്കം ചെയ്യുവാൻ പാടില്ലാത്തതാണ്.
8. അനുമതി ലഭ്യമായ സ്ഥലം നിശ്ചിത ഇടവേളകളിൽ എറണാകുളം ജില്ലാ സ്ക്വാഡ് പരിശോധിക്കേണ്ടതും ഈ അനുമതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്

9. എറണാകുളം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

10. ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BYJU KUMAR S
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, മൂവാറ്റുപുഴ
ജില്ലാ ജിയോളജിസ്റ്റ്, എറണാകുളം
ശ്രീ.അജയൻ.കെ.മാധവൻ & ശ്രീമതി.നിഷ അജയൻ, കക്കാട്ടുപറമ്പിൽ ഗ്രാനൈറ്റ് ഫ്യൂച്ചറിസ്റ്റിക് എൽ.എൽ.പി

പുല്ലുവഴി, പെരുമ്പാവൂർ എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 14-11-2024 15:29:21

സെക്ഷൻ ഓഫീസർ